"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി (WTO സെൽ) വകുപ്പ്-2024-25 സാമ്പത്തിക വർഷം സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് സെന്റർ ഫോർ മാനേജ് മെന്റ് ഡെവലപ്പ്മെന്റ് -ുമായിച്ചേർന്ന് പഠനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത്-ബോർഡിന് അനുവദിച്ച പദ്ധതി വിഹിതത്തിൽ നിന്നും തുക സെന്റർ ഫോർ മാനേജ് മെന്റ് ഡെവലപ്പ്മെന്റിന് അനുവദിച്ച നൽകുന്നതിന് സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡിന് -അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (WTO സെൽ) വകുപ്പ്**

സ.ഉ.(സാധാ) നം.1156/2024/AGRI തീയതി,തിരുവനന്തപുരം, 06-12-2024

---

പരാമർശം:-
1) സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് സെക്രട്ടറി ലഭ്യമാക്കിയിരിക്കുന്ന 14.06.2024 തീയതിയിലെ കത്ത് .
2) 21.06.2024 തീയതിയിലെ സ.ഉ(സാധാ)നം.558/5024/കൃഷി നമ്പർ സർക്കാർ ഉത്തരവ് .
3) 24.06.2024 തീയതിയിലെ സ.ഉ(സാധാ)നം.573/2024/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
4) സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് സെക്രട്ടറി ലഭ്യമാക്കിയിരിക്കുന്ന 14.11.2024 തീയതിയിലെ SAPB-95/2024 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1-ലെ കത്ത് പ്രകാരം, സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് സെക്രട്ടറി " വിപണി വികസനം " എന്ന സ്കീമിനു കീഴിൽ 125 ലക്ഷം രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)-യുടെ ഘടകങ്ങൾ തിരിച്ചുള്ള പ്രൊപ്പോസൽ ലഭ്യമാക്കുകയും , ടി പ്രൊപ്പോസലിന് അനുമതി നൽകണമെന്ന് ആവശ്യപ്പെടുകയും തുടർന്ന് മറ്റ് പ്രൊപ്പോസലുകൾക്കൊപ്പം " വിപണി വികസനം" എന്ന സ്കീമിന് 2024-25 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയ്ക്ക് കീഴിൽ 2435-01-800-99 Plan എന്ന ശീർഷകത്തിൽ, 633.30 ലക്ഷം രൂപ (ആറ് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) -യുടെ ഭരണാനുമതി പരാമർശം 2 പ്രകാരം നൽകുകയുണ്ടായി.

2) പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ എല്ലാ വ്യവസ്ഥകൾക്കും വിധേയമായി , 2024-25 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയ്ക്ക് കീഴിൽ " വിപണി വികസനം " എന്ന സ്കീമിൽ 2435-01-800-99 Plan എന്ന ശീർഷകത്തിൻ കീഴിൽ ഉൾപ്പെട്ട സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡിന്റെ 125 ലക്ഷം രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)-യുടെ ഘടകങ്ങൾ തിരിച്ചുകൊണ്ടുള്ള പ്രൊപ്പോസലിന് പരാമർശം 3 പ്രകാരം , ഭരണാനുമതി നൽകുകയുണ്ടായി.

3) സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡിന് 2024-25 സാമ്പത്തിക വർഷം വിവിധ പഠനങ്ങൾക്കുൾപ്പടെ 125.00 ലക്ഷം രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചതിനാൽ, ടി പഠനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സെന്റർ ഫോർ മാനേജ് മെന്റ് ഡെവലപ്പ്മെന്റ് (CMD)-ുമായിച്ചേർന്ന് ആയത് ഏറ്റെടുത്ത് നടത്തുന്നതിനായി

നിലവിലുള്ള Operational Cost എന്ന ഘടകത്തിൽ ബോർഡിന് അനുവദിച്ചു നൽകിയ പദ്ധതി വിഹിതത്തിൽ നിന്നും 2,97,360/-രൂപ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി മൂന്നൂറ്റി അറുപത് രൂപ മാത്രം) സെന്റർ ഫോർ മാനേജ് മെന്റ് ഡെവലപ്പ്മെന്റിന് അനുവദിച്ചു നൽകുന്നതിന് ബോർഡിന് അനുമതി നൽകണമെന്ന് പരാമർശം 4-ലെ കത്ത് പ്രകാരം ബോർഡ് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. സെന്റർ ഫോർ മാനേജ് മെന്റ് ഡെവലപ്പ്മെന്റിന്റെ പ്രൊപ്പോസലിലെ ഘടകങ്ങൾ ചുവടെച്ചേർത്തിരിക്കും പ്രകാരമാണ്.

| ക്രമ നം. | വിശദാംശങ്ങൾ | പ്രതിമാസ തുക(രൂപയിൽ) | ആകെ തുക (രൂപയിൽ) |
|---|---|---|---|
| 1 | പ്രോജക്ട് ഫെലോ (8 മാസത്തേയ്ക്ക്) | 25000/- | 200000 |
| 2 | സ്റ്റാറ്റിസ്റ്റിക്കൽ കാര്യങ്ങളിൽ ആവശ്യാനുസരണമുള്ള പിന്തുണ | - | 40000 |
| 3 | CMD/ഭരണപരമായ പിന്തുണ (5%) | - | 12000 |
| 4 | ജി.എസ്.റ്റി (@ 18%) | - | 45360 |
| | **ആകെ** | | **2,97,360** |

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡിന് 2024-25 സാമ്പത്തിക വർഷം വിവിധ പഠനങ്ങൾക്കുൾപ്പടെ 125.00 ലക്ഷം രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ , ടി പഠനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കായി സെന്റർ ഫോർ മാനേജ് മെന്റ് ഡെവലപ്പ്മെന്റ് (CMD)-ുമായിച്ചേർന്ന് ആയത് ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി നിലവിലുള്ള Operational Cost എന്ന ഘടകത്തിൽ ബോർഡിന് അനുവദിച്ചു നൽകിയ പദ്ധതി വിഹിതത്തിൽ നിന്നും 2,97,360/-രൂപ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി മൂന്നൂറ്റി അറുപത് രൂപ മാത്രം) സെന്റർ ഫോർ മാനേജ് മെന്റ് ഡെവലപ്പ്മെന്റിന് അനുവദിച്ചു നൽകുന്നതിന് സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സാജു സുരേന്ദ്രൻ ഐ ഇ എസ്
SPECIAL OFFICER

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ്, ഹരിശ്രീ, റോസ് കോട്ട്

ലെയിൻ,വഴുതക്കാട്, തിരുവനന്തപുരം-695010

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

കൃഷി (എൻ.സി.എ) വകുപ്പ്

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (E 2788361,ഫയൽ നം.AGRI-WTO1/75/2024-AGRI-Part(1) )

ഉത്തരവിൻ പ്രകാരം

Signed by

Nisha T K

Date: 09-12-2024 11:22:23

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി & എ.പി.സി-യുടെ പി.എ-യ്ക്ക്

കൃഷി (WTO സെൽ) വകുപ്പ് സ്പെഷ്യൽ ഓഫീസറുടെ പി.എ-യ്ക്ക്.